**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി - ലോകമല്ലേശ്വരം വില്ലേജ് - സർവ്വേ നമ്പർ 175 - ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം - കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം - ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.3767 /2017/തസ്വഭവ തിരുവനന്തപുരം,തീയതി,23 /11/2017.**

---

പരാമർശം:- 1) 14.02.2014 ലെ സ.ഉ. (എം.എസ്.) നമ്പർ 39/2014/തസ്വഭവ.

2 കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം ശ്രീ. വിജയൻ.കെ.ആർ., കോവിൽ പറമ്പിൽ ഹൗസ്, ലോകമല്ലേശ്വരം പി.ഒ., കൊടുങ്ങല്ലൂർ എന്നിവർ സമർപ്പിച്ച 30/3/2016 ലെ അപേക്ഷ.

3) ചീഫ് ടൗൺ പ്ലാനറുടെ 03.10.2017 ലെ സി2-6461/2017/കെ.ഡിസ് (R ) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയിൽ ലോകമല്ലേശ്വരം, വില്ലേജിൽ സർവ്വേ നമ്പർ 175-ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. വിജയൻ.കെ.ആർ., കോവിൽ പറമ്പിൽ ഹൗസ്, ലോകമല്ലേശ്വരം പി.ഒ., കൊടുങ്ങല്ലൂർ എന്നിവർ നിർമ്മിച്ച വാസഗൃഹം ക്രമവൽക്കരി-ക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത നിർമ്മാണം പരാമർശം (1) ലെ ഉത്തരവിലെ അനുബന്ധം II ൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനാൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാവുന്നതാണെന്ന് മുഖ്യനഗരാസൂത്രകൻ പരാമർശം 3 പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ ഈ അപേക്ഷ പരിശോധിക്കുകയും, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ ലോകമല്ലേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 175-ൽ ഉൾപ്പെട്ട 330$m^2$ സ്ഥലത്ത് ശ്രീ. വിജയൻ.കെ.ആർ., കോവിൽ പറമ്പിൽ ഹൗസ്, ലോകമല്ലേശ്വരം പി.ഒ., കൊടുങ്ങല്ലൂർ എന്നിവർ നിർമ്മിച്ച 77.33 $m^2$ വിസ്തീർണ്ണമുള്ള വാസഗൃഹം ചീഫ് ടൗൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് ഫീസായി 5222/- രൂപ (അയ്യായിരത്തി ഇരുനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) ഈടാക്കി ക്രമവൽക്കരിക്കുന്നതിന് കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കോമ്പൗണ്ടിംഗ് ഫീസായി 5,222/- രൂപ (അയ്യായിരത്തി ഇരുനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) "0217 urban – 60 -other development Scheme – 800 – Other Receipts - 91 Compounding Fee for regularisation of unauthorised Constructions violating provision of building rules" എന്ന ശീർഷകത്തിൽ അപേക്ഷകൻ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

5. മേൽ പരാമർശിച്ച തുക ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതും, കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടി മുൻസിപ്പാലിറ്റി സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്റ്റെല്ലാ ലിറ്റിൽ ഫ്ലവർ എം.കെ
ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയൻ.കെ.ആർ., കോവിൽ പറമ്പിൽ ഹൗസ്,
ലോകമല്ലേശ്വരം p.o, കൊടുങ്ങല്ലൂർ.
സെക്രട്ടറി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി,
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ